

*ഈ ചിരിയാണ് വേണ്ടത്...എറണാകുളം മറൈൻ ഡ്രൈവിൽ നടക്കുന്ന മത്സ്യോത്സവം 2017ൽ നടക്കുന്ന മത്സ്യ അദാലത്തിൽ മന്ത്രി ജെ. മേഴ്സിക്കുട്ടി അമ്മ പരാതി സ്വീകരിക്കുന്നു. മത്സ്യതൊഴിലാളി ക്ഷേമനിധി ബോർഡ് ചെയർമാൻ പി. ചിത്തരഞ്ജൻ സമീപം ഫോട്ടോ: എൻ.ആർ.സുധർമ്മദാസ്*

# മത്സ്യഅദാലത്ത്: 1181 പരാതികൾ തീർപ്പാക്കി, 5.81 ലക്ഷം രൂപയുടെ കടം എഴുതിത്തള്ളി

കൊച്ചി: മത്സ്യത്തൊഴിലാളിക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്ത മുഴുവൻ തൊഴിലാളികളുടെയും റേഷൻകാർഡ് മുൻഗണനാ പട്ടികയിൽ ഉൾപെടുത്തുമെന്ന് മന്ത്രി ജെ. മേഴ്സിക്കുട്ടിയമ്മ പറഞ്ഞു. മത്സ്യോത്സവത്തിന്റെ ഭാഗമായി മറൈൻഡ്രൈവിൽ സംഘടിപ്പിച്ച മത്സ്യ അദാലത്തിൽ മുന്നൂറിലധികം അപേക്ഷകർ തങ്ങളുടെ റേഷൻ കാർഡുകൾ മുൻഗണനാ പട്ടികയിൽ ഉൾപെടുത്തണമെന്നാവശ്യപ്പെട്ട് പരാതി നൽകിയിരുന്നു. ഇതിനുള്ള മറുപടിയിലാണ് ഇക്കാര്യം വിശദമാക്കിയത്.

അദാലത്തിൽ മത്സ്യത്തൊഴിലാളികളുടെ 1181 പരാതികൾ തീർപ്പാക്കി. കടാശ്വാസവുമായി ബന്ധപ്പെട്ട് ലഭിച്ച 630 അപേക്ഷകളിൽ 2008 ന് മുമ്പുള്ള കടങ്ങളിൽ സത്വര ആശ്വാസനടപടി എടുക്കുന്നതിന് കടാശ്വാസ കമ്മിഷന് കൈമാറി. മത്സ്യഫെഡുമായി ബന്ധപ്പെട്ട് ലഭിച്ച 14 അപേക്ഷകളിൽ 5 വായ്പകളിലുമായി 5.81 ലക്ഷം രൂപയുടെ കടം എഴുതിത്തള്ളി.

വിവിധ ഇൻഷ്വറൻസ് പദ്ധതികളുടെ 15 ലക്ഷം രൂപയുടെ ധനസഹായം അനുവദിച്ചു. ചെല്ലാനം ഗ്രാമപഞ്ചായത്തിലെ മത്സ്യത്തൊഴിലാളികൾക്ക് ഒ. ഡി. എഫ് പദ്ധതിയിൽ പെടുത്തി 10000 രൂപ അധികമായി ഉടൻ നൽകുമെന്ന് മന്ത്രി ഉറപ്പ് നൽകി.

മത്സ്യഫെഡിന്റെ പലിശരഹിത വായ്പ പദ്ധതി പ്രകാരം 1247 പേർക്ക് 248 ലക്ഷം രൂപയും മൈക്രോഫൈനാൻസ് വായ്പ പ്രകാരം 463 പേർക്ക് 80 ലക്ഷം രൂപയുടെ ധനസഹായവും നൂതന മത്സ്യകൃഷി പദ്ധതി പ്രകാരം 15 ലക്ഷം രൂപയുടെ ധനസഹായവും വിതരണം ചെയ്തു.

തീരമൈത്രി സംഗമത്തിൽ തീരദേശ വനിതാശാക്തീകരണവുമായി ബന്ധപ്പെട്ട് നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ 9.19 ലക്ഷം രൂപയുടെ ധനസഹായ വിതരണം നടത്തുന്നതിനും തീരുമാനിച്ചു.